**'ഭരണഭാഷ - മാതൃഭാഷ'**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(നിലവിൽ: ഹസീന പി.എസ്)

വിഷയം: ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം-ഹെഡ് ക്ലാർക്ക് തസ്തികയിൽ
– നോഷണൽ പ്രൊമോഷൻ അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം: 1)29.01.2019 ലെ DT/41347/2018-A3 നമ്പർ ഉത്തരവ്.
– 2)29.09.2020 ലെ ഡി.റ്റി/41246/2018-A3 നമ്പർ ഉത്തരവ് .
3)30.10.2020 ലെ ഡി.റ്റി/41246/2018-A3 നമ്പർ ഉത്തരവ് .
4)13.09.2021 ലെ C1/55/2020-തൊഴിൽ നമ്പർ സർക്കാർ കത്ത്.
5)26.02.2021 തീയതിയിലെ DT/974/2020-A3 നമ്പരായ ഹെഡ് ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

**ഉത്തരവ് നമ്പർ: DT/41246/2018-A3 തീയതി: 22/09/2021**

വ്യാവസായിക പരിശീലന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 26/11/2001 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഗിരീശൻ എ.പി-ക്ക് നഗരകാര്യ വകുപ്പിൽ LDC/BC ആയി നിയമനം ലഭിച്ചതിനാൽ 11/11/2005 ൽ വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് നഗരകാര്യ വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുകയും പിന്നീട് 05/02/2009-ൽ ടിയാൻ മാതൃവകുപ്പിലേക്ക് (വ്യാവസായിക പരിശീലന വകുപ്പിൽ) തിരികെ നിയമിക്കപ്പെടുകയും ഈ വകുപ്പിൽ തിരികെ നിയമിക്കപ്പെട്ട തീയതിയിൽ തന്നെ ടിയാന് യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു.

തുടർന്ന് ഹെഡ് ക്ലാർക്ക് തസ്തികയിൽ ടിയാന് പരാമർശം 1 പ്രകാരം സ്ഥാനക്കയറ്റം നൽകിയെങ്കിലും ആയത് ടിയാൻ പരിത്യജിച്ചിരുന്നു. എന്നാൽ ടി പരിത്യാഗം പിൻവലിക്കുവാൻ അനുമതി നൽകണമെന്നുള്ള ടിയാന്റെ അപേക്ഷ സർക്കാർ പരിഗണിക്കുകയും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പിലെ നിലവിലെ സീനിയർ ക്ലാർക്ക് തസ്തികയുടെ അന്തിമ ഗ്രേഡേഷൻ ലിസ്റ്റിൽ ക്രമനമ്പർ. 297 ആയിരുന്ന ശ്രീ.ഗിരീശൻ എ.പി യുടെ സ്ഥാനം തൊട്ട് ജൂനിയറായ ക്രമനമ്പർ. 246 ശ്രീമതി. പി.ബിന്ദു-വിന് മുകളിൽ 245(A) ആയി പരാമർശം 2 പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവാകുകയും തുടർന്ന് പരാമർശം 3 പ്രകാരം ടിയാന് ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു. ടിയാൾ 23.01.2021 തീയതിയിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. എന്നാൽ സീനിയോരിറ്റി പരിഗണിക്കാതെയുള്ള

ഹെഡ് ക്ലാർക്ക് തസ്തികയിലെ പ്രൊമോഷന് ടിയാനെ മേലിൽ പരിഗണിക്കേണ്ടതില്ലെന്നും സീനിയോരിറ്റി പുനർനിർണ്ണയിച്ച് ടിയാന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ അനുവദിക്കണമെന്നും കാണിച്ച് ശ്രീ.ഗിരീശൻ. എ.പി വീണ്ടും അപേക്ഷ സമർപ്പിക്കുകയും ഇക്കാര്യത്തിൽ സർക്കാരിൽ സ്പഷ്ടീകരണം തേടുകയും പരാമർശം 4 അനുസരിച്ച് ചുവടെ പറയും പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഗിരീശൻ എ.പി യുടെ മാതൃവകുപ്പായ വ്യാവസായിക പരിശീലന വകുപ്പിലേയ്ക്കുള്ള പുനർനിയമനം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം II ചട്ടം 8 പ്രകാരമുള്ള ഒന്നായിരുന്നതിനാൽ ടിയാന് തന്റെ മാതൃ വകുപ്പിലെ സീനിയോറിറ്റി സംരക്ഷണത്തിനും തുടർ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരുന്നു വെന്നും ടി ചട്ടപ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം ശ്രീ.ഗിരീശൻ എ.പി ക്ക് നൽകിയിരുന്നുവെങ്കിൽ എൽ.ഡി ക്ലാർക്കുമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ ടിയാന്റെ തൊട്ട് ജൂനിയറായിരുന്ന ശ്രീമതി .പി ബിന്ദുവിന് വിവിധ തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതി മുതൽ തന്നെ ടിയാന് നോഷണൽ പ്രമോഷൻ ലഭിക്കാൻ അർഹതയുണ്ടായിരുന്നുവെന്നും ശ്രീമതി.പി.ബിന്ദുവിന് 19.10.2017 ലെ എ 3/13106/12 നമ്പർ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി പ്രമോഷൻ ലഭിച്ചിട്ടുണ്ട് എന്നതിനാൽ യഥാസമയം വകുപ്പ് ശ്രീ.ഗിരീശന്റെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകിയിരുന്നുവെങ്കിൽ, ടി തീയതി പ്രാബല്യത്തിൽ ശ്രീ.ഗിരീശനും ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുമായിരുന്നുവെന്നും അപ്രകാരമായിരുന്നുവെങ്കിൽ 29-01-2019 ൽ ടിയാന് ലഭ്യമായ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവും 30-01-2019 ൽ ടിയാൻ ആയത് പരിത്യജിക്കുന്നതിന് അപേക്ഷ സമർപ്പിച്ച നടപടിയും 11-05-2020 ൽ ആയത് റദ്ദ് ചെയ്യുന്നതിന് അപേക്ഷിച്ച നടപടിയും മറ്റും ഉണ്ടാകുമായിരുന്നുവെന്ന് കരുതാനാവില്ലയെന്നും ആയതിനാൽ 30-01-2019 ൽ ടിയാൻ നൽകിയ പരിത്യജിക്കൽ അപേക്ഷ അതിനുമുമ്പ് ടിയാന് ലഭ്യമാവുമായിരുന്ന ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്കുള്ള പ്രമോഷനുകളുമായി ബന്ധപ്പെടുത്തുന്നത് ഉചിതമാകില്ല എന്നും പരാമർശം 2 ഉത്തരവ് പ്രകാരം ശ്രീ. ഗിരീശൻ എ.പി യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ശ്രീമതി . പി.ബിന്ദുവിന് മുകളിൽ 245(A) ആയി ക്രമപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി . പി. ബിന്ദുവിന് ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ സ്ഥാനക്കയറ്റം ലഭ്യമായ തീയതി പ്രാബല്യത്തിൽ ഗിരീശൻ എ.പിക്കും പ്രസ്തുത തസ്തികകളിൽ നോഷണൽ പ്രമോഷന് അർഹതയുണ്ടെന്നും ആയതിനാൽ ശ്രീ.ഗിരീശൻ എ.പി ക്ക് 22-08-2016 പ്രാബല്യത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിലും 30-10-2017 പ്രാബല്യത്തിൽ ജൂനിയർ

സൂപ്രണ്ട് തസ്തികയിലും ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കാവുന്നതാണ്എന്നും സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ ശ്രീ. എ.പി.ഗിരീശന് ഹെഡ് ക്ലാർക്ക് തസ്തികയിൽ 22-08-2016 പ്രാബല്യത്തിൽ ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു. അതോടൊപ്പം ശ്രീ.ഗിരീശൻ എ.പി യുടെ സ്ഥാനം പരാമർശം 5 പ്രകാരമുള്ള ഹെഡ് ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ. 176 ആയ ശ്രീമതി. പി.ബിന്ദു-വിന് മുകളിൽ 175(A) ആയി പുനഃക്രമീകരിച്ചും ഉത്തരവാകുന്നു.

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**സ്വീകർത്താവ് :**
ശ്രീ.ഗിരീശൻ എ.പി ,സീനിയർ ക്ലാർക്ക് ,ആർ.ഐ സി കോഴിക്കോട്
**പകർപ്പ് :**
1. ട്രെയിനിംഗ് ഓഫീസർ .ആർ.ഐ.സി കോഴിക്കോട്
(ശ്രീ.ഗിരീശൻ.എ.പി യുടെ ഹെഡ് ക്ലാർക്ക് തസ്തികയിലെ നോഷണൽ പ്രൊമോഷൻ തീയതി പരിഗണിച്ച് ടിയാന്റെ ഹെഡ് ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള ശുപാർശ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.)
2. വകുപ്പ് വെബ്സൈറ്റ്

**//ഉത്തരവിൻ പ്രകാരം//**
Riji.s
**സീനിയർ സൂപ്രണ്ട്**